ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തിക

147 (5852) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്താംകോട്ട താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും എത്തിയിട്ടുള്ള നിർദ്ദേശം പരിഗണിക്കുമോ ;

(ബി) പുതിയ തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ശാസ്താംകോട്ട താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കുവാനുള്ള നിർദ്ദേശം ഒന്നും നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ബി) പ്രസ്തുത നിർദ്ദേശം ഭരണ വകുപ്പിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക്, നിർദ്ദേശത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് ആവശ്യമെങ്കിൽ അംഗീകരിക്കുന്നതിന് തടസ്സം ഒന്നും ഇല്ല.

സർക്കാർ ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പ

148 (5853) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പുനഃസ്ഥാപിച്ചതനുസരിച്ച് എത്ര ജീവനക്കാർക്ക് ഇതിനോടകം സർക്കാർ ഭവനനിർമ്മാണ വായ്പ അനുവദിച്ചുവെന്ന് വിശദമാക്കുമോ ; നിലവിൽ അനുവദിക്കപ്പെട്ട വായ്പ ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ; ഏതുവർഷം പെൻഷനാകുന്ന ആൾക്കുവരെ ഭവന വായ്പ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതു വർഷം പെൻഷൻ പറ്റുന്നയാളുകളുടേതുവരെയാണ് ഭവനവായ്പ തിരിച്ചടവ് 2010 മെയ് മാസം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; വായ്പ അനുവദിക്കപ്പെട്ട എല്ലാ ജീവനക്കാരും 2010 മെയ് മാസം മുതൽ തുക തിരിച്ചടയ്ക്കുവാൻ ഓഫീസ് മേധാവികൾ നിർബന്ധം പിടിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ ;

(സി) ഭവന വായ്പക്കുവേണ്ടി സർക്കാരിലേക്ക് പണയാധാരം രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഒഴിവാക്കി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1093 പേർക്ക് ജോയിന്റ് ലോൺ ഉൾപ്പെടെ ഭവന വായ്പ അനുവദിച്ചു. 2009-10 സാമ്പത്തിക വർഷത്തിൽ ഭവന വായ്പയ്ക്ക് ജോയിന്റ് ലോൺ ഉൾപ്പെടെ അപേക്ഷിച്ച 1639 പേർ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. അവയിൽ 1113 പേർക്ക് വായ്പ അനുവദിക്കുന്നതിന് അലോട്ട്മെന്റ് നൽകി. എന്നാൽ വിവിധ വകുപ്പുകളിലെ 20 അപേക്ഷകർ പല കാരണങ്ങളാൽ വായ്പ ഉപയോഗപ്പെടുത്താതെ നിരസിച്ചിട്ടുണ്ട്. ഭവന വായ്പയ്ക്ക് അപേക്ഷിക്കുന്നതിന് മിനിമം 50 മാസം സേവന കാലയളവ് അവശേഷിക്കണം. അപ്രകാരം ഏറ്റവും കുറവ് സേവന കാലയളവ് ഉള്ളവരുടെ മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ബഡ്ജറ്റ് അനുവദിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിച്ചു. പെൻഷൻ തീയതി 31-3-2026 വരെയുള്ളവർക്ക് ഭവന വായ്പ 2009-10-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) ഏത് വർഷം വരെ പെൻഷൻ പറ്റുന്നയാളുകൾ എന്ന് പൊതുവായി ഒരു ഉത്തരവ് നിലവിലില്ല. KFC Rule 244 C (ix) പ്രകാരം വായ്പ വിതരണം ചെയ്തിട്ട് 9 മാസത്തിനുശേഷമോ അല്ലെങ്കിൽ വീട് പണി പൂർത്തിയായതിനു ശേഷമോ ഇതിലേതാണോ ആദ്യം അന്നു മുതലാണ് വായ്പ തിരിച്ചടവ് ആരംഭിക്കുന്നത്. എന്നാൽ സർവ്വീസ് കുറവുള്ള ജീവനക്കാരുടെ കാര്യത്തിൽ അവർ ആഗ്രഹിക്കുന്നപക്ഷം വായ്പ തിരിച്ചടവ് തൊട്ടടുത്ത മാസം മുതൽ ആരംഭിക്കാവുന്നതാണ്. സർവ്വീസ് കാലയളവിൽത്തന്നെ തിരിച്ചടവ് പൂർത്തിയാക്കേണ്ടതിനാൽ കൂടുതൽ സാവകാശം നൽകാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. അതിനാൽ വകുപ്പ് തലവൻമാർക്ക് വായ്പയുടെ മുതലും പലിശയും വായ്പക്കാരന്റെ റിട്ടയർമെന്റിന് മുൻപ് തീരത്തക്ക വിധത്തിൽ തിരിച്ചടവ് നടത്തുന്നതിന് പ്രത്യേകം ഉത്തരവ് ഇറക്കേണ്ടി വരുന്നു. വായ്പ അനുവദിക്കപ്പെട്ട എല്ലാ ജീവനക്കാരും 2010 മെയ് മാസത്തിൽത്തന്നെ തിരിച്ചടവ് നടത്തുവാൻ ഓഫീസ് മേധാവികൾ നിർബന്ധം പിടിക്കുന്ന ഒരു സാഹചര്യം ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പണയാധാരം രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഒഴിവാക്കി ഉത്തരവുകൾ ഒന്നുംതന്നെ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

മ്യൂച്വൽ ട്രാൻസ്ഫർ

149 (5854) ശ്രീ. കെ. എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൽ ഈ സാമ്പത്തിക വർഷം അസിസ്റ്റന്റ് തസ്തികയിലേക്ക് മുച്വൽ ട്രാൻസ്ഫറിനായി എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) അതിൽ എത്ര അപേക്ഷകൾ അനുവദിച്ചു ; ഏതെല്ലാം അപേക്ഷകൾ നിരസിച്ചു ;

(സി) ഈ അപേക്ഷകൾ നിരസിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ഡി) ഇത് സംബന്ധിച്ച് ധനവകുപ്പിന്റെ തീരുമാനം അപേക്ഷർക്ക് നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;